# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4726

28-6-2013-ൽ മറുപടിക്ക്

### ഗ്രാമപഞ്ചായത്തുകളിലെ പാറ ക്വാറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശശി | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | അഗളി, പുതൂർ, ഷോളയൂർ ഗ്രാമപഞ്ചായത്തുകളിൽ എത്ര പാറ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഈ പഞ്ചായത്തുകളിലെ ഏതെല്ലാം വാർഡുകളിൽ ക്വാറികൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെന്നും ലൈസൻസ് ലഭിച്ചവരുടെ പേരും വിലാസവും ലഭ്യമാക്കുമോ ; | (എ) | പുതൂർ, ഷോളയൂർ, അഗളി ഗ്രാമപഞ്ചായത്തുകളിൽ അംഗീകൃത ക്വാറികൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ടി ഗ്രാമപഞ്ചായത്തുകളിലെ ഒരു വാർഡിലും ക്വാറികൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. |
| (ബി) | ലൈസൻസ് നൽകുന്നതിനു മുമ്പ് പാരിസ്ഥിതിക ആഘാതത്തെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | ലൈസൻസ് നൽകിയിട്ടില്ലാത്തതിനാൽ പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ എത്ര റിസോർട്ടുകൾക്ക് നിർമ്മാണ അനുമതി നൽകിയെന്നും അനുമതി ലഭിച്ചവർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ ? | (സി) | പുതൂർ ഗ്രാമപഞ്ചായത്തിൽ ഒരു റിസോർട്ടിന് അനുമതി നൽകിയിട്ടുണ്ട്. ശ്രീ.ജോസഫ്.കെ.ജേക്കബ്, ഹരിതവനം, ടൂറിസം പ്രൈവറ്റ് ലിമിറ്റഡ്, ചീരക്കടവ്. പുതൂർ പി.ഒ എന്നയാൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഷോളയൂർ ഗ്രാമപഞ്ചായത്തിൽ മൂന്ന് റിസോർട്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവ യഥാക്രമം (1) വിഷൻനേച്ചർ റിസോർട്ട്സ്, ശ്രീ.രഘുരാജൻ.കെ.എം, ശ്രീ.എസ്.ആർ.ഭൂപതി, വിഷൻനേച്ചർ റിസോർട്ട്സ്,വരകംപടി, ഷോളയൂർ, (2) മല്ലീശ്വര ജംഗിൾ ലോഡ്ജ്- ശ്രീ.ഡൊമിനിക് സേവ്യർ, പെട്ടിക്കൽ, ഷോളയൂർ, (3) ശ്രീമതി. സുമതി, W/o ശ്രീ.സുകുമാർ, ശ്രീരാക്കാത്തി ഗാർഡൻ, മരിയാവരം, ഗണപതി, കോയമ്പത്തൂർ എന്നിവർക്കാണ്. അഗളി ഗ്രാമപഞ്ചായത്തിൽ മൂന്നു റിസോർട്ടുകൾക്കാണ് അനുമതി നൽകിയത്, യഥാക്രമം<br>(1) അക്വാഫ്ളോ റിസോർട്ട്- ശ്രീരാമകൃഷ്ണ, S/o. വി. വിജയകുമാർ, കോട്ടത്തറ പി.ഒ, (2) ട്രീ ടോപ്പ് റിസോർട്ട്- ശ്രീ.അബ്ദുറഹിമാൻ.എം.പി, വെകുമ്പുള്ളി ഹൗസ്, മുക്കാലി (3) സൈലന്റ്‌വാലി റിസോർട്ട് - ശ്രീ.സേതുമാധവൻ, അയിനിക്കോട് കളത്തിൽ, അലനെല്ലൂർ പി.ഒ എന്നിവർക്കാണ്. |

സെക്ഷൻ ഓഫീസർ